**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1655** **05-07-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക രംഗത്തേക്ക് കൂടുതൽ സംരംഭകർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാർഷിക രംഗത്തേക്ക് കൂടുതൽ സംരംഭകരെ കൊണ്ടുവരുന്നതിന് എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കാർഷികരംഗത്തേയ്ക്ക് കൂടുതൽ സംരംഭകരെ കൊണ്ടുവരുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യ വർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി. അതിൻ പ്രകാരം നൽകുന്ന ആനുകൂല്യത്തിന്റെ വിവരം അനുബന്ധം ആയി ചേർക്കുന്നു.<br><br>കൃഷി വകുപ്പിന് കീഴിലുള്ള സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ്സ് കൺസോർഷ്യം (SFAC) മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം കെട്ടിട നിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യ സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ തുടങ്ങിയവയ്ക്കാണ് സഹായം നൽകുന്നത്. 2021-2022 സാമ്പത്തിക വർഷത്തിൽ 17 സംരംഭകർക്ക് സബ്സിഡി ആയി 2,47,74,519/- രൂപ SFAC വിതരണം ചെയ്തു. കൂടാതെ "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ഭാഗമായി രൂപീകരിക്കുന്ന കൃഷിക്കൂട്ടങ്ങളിൽ കാർഷിക മേഖലയിലെ സംരംഭകത്വത്തിന് പ്രോത്സാഹനം നൽകിയുള്ള കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മതല സംരംഭം | 25 ലക്ഷം രൂപ വരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ ഒരു കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | ഒരു കോടി മുതൽ 5 കോടി വരെ | 30% പരമാവധി 50 ലക്ഷം |

**സെക്ഷൻ ഓഫീസർ**

Scanned with CamScanner